(സി) മറ്റു സംസ്ഥാനങ്ങളിൽ 55 വയസ്സിനും 60 വയസ്സിനും മദ്ധ്യേ പ്രായമുള്ളവർ സർക്കാർ സർവ്വീസിലാണ്. അതിനാൽ അവർ ശമ്പളം വാങ്ങുന്നു. എന്നാൽ കേരളത്തിൽ ഈ പ്രായത്തിൽപ്പെടുന്നവർ പെൻഷൻ വാങ്ങുന്നവരുടെ കൂടെ ഉൾപ്പെടും. ഇതാണ് കേരളത്തിൽ പെൻഷൻ ചെലവ് വർദ്ധിക്കാനുള്ള പ്രധാന കാരണം.

(ഡി) ഉണ്ട്. പെൻഷൻപ്രായം 58-ഉം 60-ഉം ആയി നിശ്ചയിച്ചിട്ടുള്ള മറ്റു സംസ്ഥാനങ്ങളിൽ ഈയിനത്തിലുണ്ടാകുന്ന ചെലവിനെ അപേക്ഷിച്ച് 55 വയസ്സിൽ പെൻഷൻ പറ്റുന്ന സംസ്ഥാന ജീവനക്കാർക്ക് പെൻഷൻ കൊടുക്കുന്നതിനുള്ള ചെലവ് വളരെ കൂടുതലാണ്.

വിദേശത്ത് ജോലി തേടി പോകുന്ന സർക്കാർ ജീവനക്കാരുടെ സീനിയോറിറ്റി

13 [1982] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളമില്ലാത്ത അവധിയെടുത്ത് വിദേശത്ത് ജോലി തേടി പോകുന്ന സർക്കാർ ജീവനക്കാർ തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ അവർക്ക് ഒറിജിനൽ സീനിയോറിറ്റി അനുവദിക്കുന്ന 19-11-2003-ലെ ധനവകുപ്പിന്റെ ഉത്തരവ് (അ) 616/2003, ബഹുമാനപ്പെട്ട ഹൈക്കോടതി ഡബ്ല്യു.പി. (സി) 2075/2004 തീയതി 23-1-2004, ഡബ്ല്യു.പി. (സി) 2567/2004 തീയതി 22-1-2004 എന്നീ വിധികളിലൂടെ സ്റ്റേ ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ ഒരു ഉത്തരവ് നിലവിലുള്ളപ്പോൾ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരുടെ 2004-ലെ സെലക്ട് ലിസ്റ്റിൽ അവധിയിലായിരുന്ന ഒരാളെ ഉൾപ്പെടുത്തുകയും അനർഹമായി പ്രൊമോഷൻ നൽകുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. അവധിയിൽ ആയിരുന്ന ഉദ്യോഗസ്ഥൻ മടങ്ങി വന്ന് പ്രൊബേഷൻ പൂർത്തിയായ മുറയ്ക്ക് അടുത്ത പ്രൊമോഷൻ നൽകുന്നതിനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുകയാണുണ്ടായത്. ലോക്കൽ ഫണ്ട് ആഡിറ്റ് സ്പെഷ്യൽ റൂൾസ് അനുസരിച്ച് ഡെപ്യൂട്ടി ഡയറക്ടറാകാനുള്ള ഫീഡർ പോസ്റ്റ് ഇൻസ്പെക്ടർ/ആഡിറ്റ് ആഫീസർ തസ്തികയാണ്. പ്രസ്തുത ഉദ്യോഗസ്ഥൻ ഇൻസ്പെക്ടർ ആയിരിക്കവെയാണ് അവധിയിൽ പോയത്. മടങ്ങി വന്ന് പ്രൊബേഷൻ ഡിക്ലയർ ചെയ്ത മുറയ്ക്ക് നിലവിലുള്ള നിയമങ്ങൾക്കു വിധേയമായി അടുത്ത പ്രൊമോഷൻ നൽകുകയാണുണ്ടായത്.

(സി) മേൽ സൂചിപ്പിച്ച മറുപടിയുടെ വെളിച്ചത്തിൽ, നിയമാനുസൃതം പുറപ്പെടുവിച്ച പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യേണ്ട ആവശ്യം ഉണ്ടെന്ന് സർക്കാർ കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly